**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2730** **13-10-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ കരിങ്കാളിമ്മൽ കോളനി നവീകരിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ള വിതരണത്തിനായുള്ള ടാങ്ക് നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാകാതിരുന്നതിനാലാണ് പദ്ധതി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടത്. വകുപ്പ് ഉണ്ണികുളം ഗ്രാമപഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് മേൽ ആവശ്യത്തിനായി സ്ഥലം ലഭ്യമാക്കി ടാങ്ക് നിർമ്മിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ടാങ്ക് നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന പ്രസ്തുത കോളനിയുടെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളത്; ഇനി പൂർത്തീകരിക്കാൻ ഏതൊക്കെ പ്രവൃത്തികളാണുള്ളത് ; വ്യക്തമാക്കാമോ ; | (ബി) | പ്രസ്തുത കോളനിയിൽ ഭവന പുനരുദ്ധാരണം (40 എണ്ണം), ഫുട്പാത്ത് നിർമ്മാണം, റോഡ് നിർമ്മാണം, കിണർ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുടിവെള്ള ടാങ്ക്, പമ്പ് ഹൗസ്, പ്ലംബിങ്ങ്, ഇലക്ട്രിഫിക്കേഷൻ മോട്ടോർ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത കോളനിയുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ ? | (സി) | 09/09/2021 ൽ കൂടിയ അവലോകന യോഗത്തിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ 2021 ഡിസംബർ 31-നുള്ളിൽ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ